# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 551** **09/07/2012 -ൽ മറുപടിക്ക്**

## വിദ്യാർത്ഥികളിലെ അച്ചടക്കവും, ദേശസ്നേഹവും, സാമൂഹ്യബോധവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. സി. മമ്മുട്ടി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) വിദ്യാർത്ഥികളിൽ അച്ചടക്കം, ദേശസ്നേഹം, സാമൂഹ്യബോധം എന്നിവ വളർത്താൻ ഉദ്ദേശിച്ച് സ്കൂൾ തലത്തിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം നൽകാമോ ; | (എ) സ്കൂൾ വിദ്യാർത്ഥികളിൽ അച്ചടക്കം, ദേശസ്നേഹം, സാമൂഹ്യബോധം എന്നിവ വളർത്താൻ എൻ.സി.സി, എൻ.എസ്.എസ്. ജൂനിയർ റെഡ്ക്രോസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവ പ്രവർത്തിച്ച് വരുന്നു. കൂടാതെ ഹയർ സെക്കണ്ടറി തലത്തിൽ സൗഹൃദ ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയിട്ട് രണ്ട് വർഷമേ ആയിട്ടുള്ളൂ. ജാഗരൂകവും, സമാധാനപരവുമായ വികസനോന്മുഖ വുമായ ഒരു സമൂഹ സൃഷ്ടിക്കായി അച്ചടക്കം, ഉത്തരവാദിത്തബോധം, സാമൂഹ്യ പ്രതിബദ്ധത, സേവന സന്നദ്ധത തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥി കർമ്മസേനയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ എൻ.എസ്.എസ്. യൂണിറ്റുകൾ മുഖാന്തിരം സേവ് എ ടീനേജർ എന്ന പദ്ധതിയും നടപ്പാക്കിവരുന്നു. |

(............2)

(ബി) എൻ.സി.സി., എൻ.എസ്.എസ് എന്നിവ ഇക്കാര്യത്തിൽ എത്രത്തോളം സഹായകരമാകുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) പരിശോധിച്ചിട്ടുണ്ട്. എൻ.സി.സിയും എൻ.എസ്.എസും കുട്ടികളിൽ അച്ചടക്കവും, ദേശസ്നേഹവും, സാമൂഹ്യബോധവും വളർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ പെരുമാറ്റത്തിൽ സഹവർത്തിത്വ ബോധം, പരസ്പരം അംഗീകരിക്കൽ, മറ്റുള്ളവരെ സഹായിക്കാനുള്ള മനോഭാവം എന്നിവ കാണാൻ സാധിക്കുന്നുണ്ട്. എൻ.എസ്.എസ്, എൻ.സി.സി എന്നിവയുടെ വാർഷിക സ്പെഷ്യൽ ക്യാമ്പുകൾ അച്ചടക്കവും സഹിഷ്ണുതയും കുട്ടികളിൽ വളർത്തുവാനും സഹായിക്കുന്നുണ്ട്.

(സി) മുകളിൽ സൂചിപ്പിച്ച കാര്യങ്ങളിൽ വിദ്യാർത്ഥികളിൽ പുരോഗതിയുണ്ടാക്കാൻ പാഠപുസ്തകങ്ങളിൽ മാറ്റം ആവശ്യമുണ്ടെന്നു കരുതുന്നുണ്ടോ ; എങ്കിൽ അതു പരിശോധിക്കാൻ വിദഗ്ദ്ധരടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിക്കുമോ ?

(സി) പാഠപുസ്തകങ്ങളിലെ കോർ കരിക്കുലം ഇന്ത്യൻ ദേശീയതയും, അഹിംസയും സാമൂഹ്യബോധവും, അച്ചടക്കവും പരസ്പര സ്നേഹവും, മത സഹിഷ്ണുതയും, പരിസ്ഥിതിയോടും ഊർജ്ജ സംരക്ഷണത്തിന്റേയും മനുഷ്യ അധ്വാനത്തിന്റെ മൂല്യങ്ങളും വിളിച്ചോതുന്നതാണ്. ആയതിനാൽ പാഠപുസ്തകങ്ങളിൽ ഇത് സംബന്ധിച്ചുള്ള കാര്യങ്ങൾ പ്രത്യേകമായി ഉൾപ്പെടുത്തേണ്ട ആവശ്യം ഉള്ളതായി കരുതുന്നില്ല.

സെക്ഷൻ ഓഫീസർ